# മഹാത്മാ ഗാന്ധി സർവ്വകലാശാല

**പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം**

പ്രിയദർശിനി ഹിൽസ് പി.ഒ., കോട്ടയം - 686 560

ഫോൺ: 0481 - 2733298, മൊബൈൽ : 9495119702

2019 ഡിസംബർ 5

# വാർത്താക്കുറിപ്പ്

## മഹാത്മാ ഗാന്ധി സർവകലാശാല യൂണിയൻ; ഭാരവാഹികൾ ചുമതലയേറ്റു

മഹാത്മാ ഗാന്ധി സർവകലാശാല യൂണിയൻ ഭാരവാഹികൾ സത്യപ്രതിജ്ഞ ചെയ്ത് ചുമതലയേറ്റു. സെനറ്റ് ഹാളിൽ നടന്ന ചടങ്ങിൽ വൈസ് ചാൻസലർ പ്രൊഫ. സാബു തോമസ് സത്യപ്രതിജ്ഞ ചൊല്ലിക്കൊടുത്തു. സിൻഡിക്കേറ്റംഗം അഡ്വ. പി.കെ. ഹരികുമാർ, രജിസ്ട്രാർ പ്രൊഫ. കെ. സാബുക്കുട്ടൻ എന്നിവർ പങ്കെടുത്തു.

ചെയർമാനായി തലയോലപ്പറമ്പ് ഡി.ബി. കോളേജിലെ അമൽരാജും ജനറൽ സെക്രട്ടറിയായി കോന്നി എസ്.എ.എസ്. എസ്.എൻ.ഡി.പി. യോഗം കോളേജിലെ എസ്. മുഹമ്മദ് അബ്ബാസും വൈസ് ചെയർപേഴ്സൺമാരായി കെ.പി. അരുന്ധതി (സെന്റ് ജോർജ് കോളേജ്, അരുവിത്തുറ), ശ്രീക്കുട്ടൻ വിജയൻ (കാലടി ശ്രീശങ്കര കോളേജ്), അമൽ സുധാകരൻ (തൊടുപുഴ ന്യൂമാൻ കോളേജ്) എന്നിവരും ജോയിന്റ് സെക്രട്ടറിമാരായി അതുല്യ ഉണ്ണി (ഡി.ബി. കോളേജ്, തലയോലപ്പറമ്പ്), ബോബിൻസ് ജോസഫ് ജോർജ് (എറണാകുളം മഹാരാജാസ് കോളേജ്) എന്നിവരും ചുമതലയേറ്റു. എക്സിക്യൂട്ടീവ് കമ്മിറ്റി, അക്കൗണ്ട്സ് കമ്മിറ്റി അംഗങ്ങളും ചുമതലയേറ്റു. സിൻഡിക്കേറ്റംഗങ്ങൾ, ജീവനക്കാർ, വിദ്യാർഥികൾ എന്നിവർ സന്നിഹിതരായിരുന്നു.

### ഫോട്ടോ ക്യാപ്ഷൻ

**മഹാത്മാ ഗാന്ധി സർവകലാശാല യൂണിയൻ ഭാരവാഹികൾ സത്യപ്രതിജ്ഞ ചെയ്ത് ചുമതലയേറ്റശേഷം വൈസ് ചാൻസലർ പ്രൊഫ. സാബു തോമസിനൊപ്പം. രജിസ്ട്രാർ പ്രൊഫ. കെ. സാബുക്കുട്ടൻ, സിൻഡിക്കേറ്റംഗങ്ങളായ ഡോ. ആർ. അനിത, അഡ്വ. പി.കെ. ഹരികുമാർ എന്നിവർ സമീപം**

(പി.ആർ.ഒ/39/2126/2019)

## എം.ജി. പരീക്ഷവിഭാഗത്തിൽ ഫ്രണ്ട് ഓഫീസ് തുറന്നു

മഹാത്മാ ഗാന്ധി സർവകലാശാല പരീക്ഷ വിഭാഗത്തിൽ വിവിധ ആവശ്യങ്ങൾക്കായി എത്തുന്ന വിദ്യാർഥികളുടെ അപേക്ഷകൾ സ്വീകരിച്ച് ബന്ധപ്പെട്ട സെക്ഷനുകളിലേക്ക് കൈമാറുന്നതിനും സർട്ടിഫിക്കറ്റുകളും വിവരങ്ങളും വിദ്യാർഥികൾക്ക് നൽകുന്നതിനും പരീക്ഷവിഭാഗത്തിൽ 'ഫ്രണ്ട് ഓഫീസ് കം സിംഗിൾ വിൻഡോ' തുറന്നു.

ഫ്രണ്ട് ഓഫീസിന്റെ ഉദ്ഘാടനം വൈസ് ചാൻസലർ പ്രൊഫ. സാബു തോമസ് നിർവഹിച്ചു. പ്രോ വൈസ് ചാൻസലർ പ്രൊഫ. സി.റ്റി. അരവിന്ദകുമാർ, സിൻഡിക്കേറ്റംഗം ഡോ. ആർ. പ്രഗാഷ്, രജിസ്ട്രാർ പ്രൊഫ. കെ. സാബുക്കുട്ടൻ, പരീക്ഷ കൺട്രോളർ പ്രൊഫ. ബി. പ്രകാശ് കുമാർ, സെനറ്റംഗം പി. പത്മകുമാർ, സർവകലാശാല യൂണിയൻ ചെയർമാൻ അമൽരാജ്, ജനറൽ സെക്രട്ടറി എസ്. മുഹമ്മദ് അബ്ബാസ് എന്നിവർ സന്നിഹിതരായിരുന്നു. സെക്ഷൻ ഓഫീസറടക്കം ആറ് ജീവനക്കാരെ ഫ്രണ്ട് ഓഫീസിൽ നിയോഗിച്ചിട്ടുണ്ട്. അപേക്ഷകളിൽ ബന്ധപ്പെട്ട സെക്ഷനുകൾ സമയബന്ധിതമായി അനന്തരനടപടികൾ കൈക്കൊള്ളുന്നുവെന്ന് ഫ്രണ്ട് ഓഫീസ് ഉറപ്പുവരുത്തും.

# ഫോട്ടോ ക്യാപ്ഷൻ

**മഹാത്മാ ഗാന്ധി സർവകലാശാല പരീക്ഷ വിഭാഗത്തിൽ ആരംഭിച്ച 'ഫ്രണ്ട് ഓഫീസ് കം സിംഗിൾ വിൻഡോ' വൈസ് ചാൻസലർ പ്രൊഫ. സാബു തോമസ് ഉദ്ഘാടനം ചെയ്യുന്നു**

(പി.ആർ.ഒ/39/2127/2019)

## അപേക്ഷ തീയതി

ആറാം സെമസ്റ്റർ സി.ബി.സി.എസ്.എസ്. യു.ജി. (2013ന് മുമ്പുള്ള അഡ്മിഷൻ സപ്ലിമെന്ററി/മേഴ്സി ചാൻസ്) പരീക്ഷകൾക്ക് പിഴയില്ലാതെ ഡിസംബർ 17 വരെയും 525 രൂപ പിഴയോടെ 19 വരെയും 1050 രൂപ സൂപ്പർഫൈനോടെ 23 വരെയും അപേക്ഷിക്കാം. വിശദവിവരം സർവകലാശാല വെബ്സൈറ്റിൽ.

നാലാം സെമസ്റ്റർ സി.ബി.സി.എസ്.എസ്. യു.ജി. (2013ന് മുമ്പുള്ള അഡ്മിഷൻ മേഴ്സി ചാൻസ്) പരീക്ഷകൾക്ക് പിഴയില്ലാതെ ഡിസംബർ 17 വരെയും 525 രൂപ പിഴയോടെ 19 വരെയും 1050 രൂപ സൂപ്പർഫൈനോടെ 23 വരെയും അപേക്ഷിക്കാം. വിശദവിവരം സർവകലാശാല വെബ്സൈറ്റിൽ.

സി.ബി.സി.എസ്.എസ്. (ഒന്ന്, രണ്ട്, മൂന്ന്, മേഴ്സിചാൻസ്, അഞ്ചാം സെമസ്റ്റർ) സി.ബി.സി.എസ്.എസ്. പരീക്ഷകൾക്ക് 2019ൽ സ്പെഷൽ ഫീസടച്ച വിദ്യാർഥികൾ വീണ്ടും ഫീസടയ്ക്കേണ്ടതില്ല. മേഴ്സി ചാൻസ് പരീക്ഷഫീസിന്റെ ബാക്കി തുക അടച്ചശേഷം ഇ-രസീത് അപേക്ഷയോടൊപ്പം സമർപ്പിക്കണം.

(പി.ആർ.ഒ/39/2128/2019)

## വൈവാവോസി

അഫിലിയേറ്റഡ് കോളേജുകളിലെ നാലാം സെമസ്റ്റർ എം.എസ്‌സി. കമ്പ്യൂട്ടർ എൻജിനീയറിംഗ് ആന്റ് നെറ്റ്‌വർക്ക് ടെക്‌നോളജി (2017 അഡ്മിഷൻ റഗുലർ/സപ്ലിമെന്ററി) പരീക്ഷയുടെ പ്രോജക്ട് മൂല്യനിർണയത്തിനും വൈവാവോസിക്കും പിഴയില്ലാതെ ഡിസംബർ 11 വരെയും 525 രൂപ പിഴയോടെ 12 വരെയും 1050 രൂപ സൂപ്പർഫൈനോടെ 13 വരെയും അപേക്ഷിക്കാം.

(പി.ആർ.ഒ/39/2129/2019)

## പരീക്ഷഫലം

2019 ഫെബ്രുവരിയിൽ സ്‌കൂൾ ഓഫ് ബിഹേവിയറൽ സയൻസസിൽ നടന്ന ഒന്നാം സെമസ്റ്റർ എം.എസ്‌സി. സൈക്കോളജി (സി.എസ്.എസ്.) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു.

(പി.ആർ.ഒ/39/2130/2019)

2018 ഡിസംബറിൽ നടന്ന ഒന്നാം സെമസ്റ്റർ എം.എസ്‌സി. ഫുഡ് ടെക്‌നോളജി ആനറ് ക്വാളിറ്റി അഷ്വറൻസ് (റഗുലർ/സപ്ലിമെന്ററി) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ഡിസംബർ 16 വരെ ഓൺലൈനായി അപേക്ഷിക്കാം.

(പി.ആർ.ഒ/39/2131/2019)

2018 ഡിസംബറിൽ നടന്ന ഒന്നാം സെമസ്റ്റർ എം.എസ്‌സി. ഫുഡ് ആന്റ് ഇൻഡസ്ട്രിയൽ മൈക്രോബയോളജി (റഗുലർ/സപ്ലിമെന്ററി) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ഡിസംബർ 16 വരെ ഓൺലൈനായി അപേക്ഷിക്കാം.

(പി.ആർ.ഒ/39/2132/2019)

2018 ഡിസംബറിൽ നടന്ന ഒന്നാം സെമസ്റ്റർ എം.എസ്‌സി. അപ്ലൈഡ് മൈക്രോബയോളജി (റഗുലർ) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ഡിസംബർ 12 വരെ അപേക്ഷിക്കാം.

(പി.ആർ.ഒ/39/2133/2019)

## ബി.ടെക് ഇന്റേണൽ റീഡു പരീക്ഷ ജനുവരി നാലുമുതൽ

ഒന്നുമുതൽ എട്ടുവരെ സെമസ്റ്റർ ബി.ടെക് ഇന്റേണൽ റീഡു പരീക്ഷ ജനുവരി നാലു മുതൽ ഫെബ്രുവരി മൂന്നുവരെ അതത് കോളേജിൽ നടക്കും.

(പി.ആർ.ഒ/39/2134/2019)

## എം.ജി.യിൽ മാസ് സ്‌പെക്ട്രോമെട്രി രാജ്യാന്തര സമ്മേളനത്തിന് തുടക്കം

വിവിധ വിഷയങ്ങളിൽ നടക്കുന്ന രാജ്യാന്തര സമ്മേളനങ്ങൾ അക്കാദമിക മികവ് ഉയർത്തുന്നതിനും സംയുക്ത ഗവേഷണം പ്രോത്സാഹിപ്പിക്കുന്നതിനും സഹായകമാകുന്നതായി മഹാത്മാ ഗാന്ധി സർവകലാശാല വൈസ് ചാൻസലർ പ്രൊഫ. സാബു തോമസ്. നാലാമത് രാജ്യാന്തര മാസ് സ്‌പെക്ട്രോമെട്രി സമ്മേളനം മഹാത്മാ ഗാന്ധി സർവകലാശാല സ്‌കൂൾ ഓഫ് എൻവയോൺമെന്റൽ സയൻസസിൽ ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. വിവിധ രാജ്യങ്ങളിലെ മികച്ച ഗവേഷണ

കേന്ദ്രങ്ങളുമായി സഹകരിക്കുന്നതിന് രാജ്യാന്തര സമ്മേളനങ്ങൾ വിദ്യാർഥികൾക്ക് അവസരമൊരുക്കുന്നതായും അദ്ദേഹം പറഞ്ഞു. ഡോ. എ.പി. തോമസ് അധ്യക്ഷത വഹിച്ചു. പ്രോ വൈസ് ചാൻസലർ പ്രൊഫ. സി.റ്റി. അരവിന്ദകുമാർ, സിൻഡിക്കേറ്റംഗം പ്രൊഫ. കെ. ജയചന്ദ്രൻ, ഡോ. കെ. ബൈജു എന്നിവർ പ്രസംഗിച്ചു.

സ്‌കൂൾ ഓഫ് എൻവയോൺമെന്റൽ സയൻസസും ഇന്റർ യൂണിവേഴ്‌സിറ്റി ഇൻസ്ട്രുമെന്റേഷൻ സെന്ററും അഡ്വാൻസ്ഡ് സെന്റർ ഓഫ് എൻവയോൺമെന്റൽ സ്റ്റഡീസ് ആന്റ് സസ്റ്റെയിനബിൾ ഡെവലപ്‌മെന്റും സംയുക്തമായാണ് രാജ്യാന്തര സമ്മേളനം സംഘടിപ്പിക്കുന്നത്.

ടോം ബ്രൂണ്ണ, അതുല അറ്റിഗലി (യു.എസ്.എ.), മൈക്കിൾ സ്പിറ്റ്‌ലർ, കോൺസ്റ്റാന്റിൻ ചിൻഗിൻ (ചൈന), സുമൻ കാന്തി മന്ന, മാളവിക ദത്ത്, അനുഭവ് കുമാർ, ഷിബ്ദാസ് ബാനർജി, എം. ജോസഫ്, ഇ.കെ. രാധാകൃഷ്ണൻ, സുപ്രതിം മോൺഡൽ, സ്രാബനി കർമാകർ, പത്മാ രാമകൃഷ്ണൻ, കെ.പി. മധുസൂദനൻ എന്നിവർ വിവിധ വിഷയങ്ങളിൽ പ്രബന്ധം അവതരിപ്പിച്ചു.

## ഫോട്ടോ ക്യാപ്ഷൻ

**സ്‌കൂൾ ഓഫ് എൻവയോൺമെന്റൽ സയൻസസും ഇന്റർ യൂണിവേഴ്‌സിറ്റി ഇൻസ്ട്രുമെന്റേഷൻ സെന്ററും അഡ്വാൻസ്ഡ് സെന്റർ ഓഫ് എൻവയോൺമെന്റൽ സ്റ്റഡീസ് ആന്റ് സസ്റ്റെയിനബിൾ ഡെവലപ്‌മെന്റും സംയുക്തമായി സംഘടിപ്പിച്ച നാലാമത് രാജ്യാന്തര മാസ് സ്‌പെക്ട്രോമെട്രി സമ്മേളനം മഹാത്മാ ഗാന്ധി സർവകലാശാല സ്‌കൂൾ ഓഫ് എൻവയോൺമെന്റൽ സയൻസസിൽ വൈസ് ചാൻസലർ പ്രൊഫ. സാബു തോമസ് ഉദ്ഘാടനം ചെയ്യുന്നു**

(പി.ആർ.ഒ/39/2135/2019)

## എം.ജി.യിൽ ത്രിദിന പോളിമർ രാജ്യാന്തര ശില്പശാലയ്ക്ക് തുടക്കം

മഹാത്മാ ഗാന്ധി സർവകലാശാല ഇന്റർനാഷണൽ ആന്റ് ഇന്റർ യൂണിവേഴ്‌സിറ്റി സെന്റർ ഫോർ നാനോ സയൻസ് ആന്റ് നാനോ ടെക്‌നോളജി 'എൻജിനീയർഡ് പോളിമർ നാനോ കോമ്പസൈറ്റ്‌സ്' എന്ന വിഷയത്തിൽ സംഘടിപ്പിക്കുന്ന ത്രിദിന രാജ്യാന്തര ശില്പശാലയ്ക്ക് തുടക്കമായി.

സ്‌കൂൾ ഓഫ് പ്യുവർ ആന്റ് അപ്ലൈഡ് ഫിസിക്‌സിൽ വൈസ് ചാൻസലർ പ്രൊഫ. സാബു തോമസ് ശില്പശാല ഉദ്ഘാടനം ചെയ്തു. പ്രൊഫ. നന്ദകുമാർ കളരിക്കൽ അധ്യക്ഷത വഹിച്ചു. പ്രസിദ്ധ പോളിമർ ശാസ്ത്രജ്ഞരായ ഫ്രാൻസിലെ ലൊറൈൻ സർവകലാശാലയിലെ പ്രൊഫ. ബ്രൂണോ അമേദുരി, ഫ്രാൻസിലെ മോണ്ട് പെല്ലർ സർവകലാശാലയിലെ പ്രൊഫ. ദിദിയർ റൗക്‌സൽ, അമേരിക്കയിലെ സെൻട്രൽ ഫ്‌ളോറിഡ സർവകലാശാലയിലെ പ്രൊഫ. ജയൻ തോമസ്, പ്രൊഫ. ജോണി സി. ജോർജ് എന്നിവർ വിവിധ വിഷയങ്ങളിൽ പ്രഭാഷണം നടത്തി. കേന്ദ്ര മാനവവിഭവശേഷി മന്ത്രാലയത്തിന്റെ സ്പാർക് പദ്ധതിപ്രകാരം ഫ്രാൻസിലെ ജീൻ ലാമർ ഇൻസ്റ്റിറ്റ്യൂട്ടിന്റെയും മോണ്ട്‌പെല്ലർ യൂണിവേഴ്‌സിറ്റിയുടെയും സഹകരണത്തോടെ ഡിസംബർ ഏഴുവരെയാണ് ശില്പശാല. യുവഗവേഷകർക്കായി പോസ്റ്റർ പ്രദർശനമത്സരവും ഇതോടനുബന്ധിച്ച് നടക്കും.

## ഫോട്ടോ ക്യാപ്ഷൻ

**മഹാത്മാ ഗാന്ധി സർവകലാശാല ഇന്റർനാഷണൽ ആന്റ് ഇന്റർ യൂണിവേഴ്‌സിറ്റി സെന്റർ ഫോർ നാനോ സയൻസ് ആന്റ് നാനോ ടെക്‌നോളജി 'എൻജിനീയർഡ് പോളിമർ നാനോ കോമ്പസൈറ്റ്‌സ്' എന്ന വിഷയത്തിൽ സംഘടിപ്പിക്കുന്ന ത്രിദിന രാജ്യാന്തര ശില്പശാല വൈസ് ചാൻസലർ പ്രൊഫ. സാബു തോമസ് ശില്പശാല ഉദ്ഘാടനം ചെയ്യുന്നു**

(പി.ആർ.ഒ/39/2136/2019)

**എ. അരുൺ കുമാർ**
പബ്ലിക് റിലേഷൻസ് ഓഫീസർ